# കൊറോണ വൈറസിന്‌റെ മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ

# 2020 മാർച്ച് 27, രാത്രി10.30 ന് (ഇന്ത്യൻ സമയം)

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയോടൊപ്പമുള്ള

# ദിവ്യകാരുണ്യ ആരാധനയിലെ പ്രാർത്ഥനകളുടെ മലയാള വിവർത്തനം.

(സാധിക്കുന്നവർ ഈ പ്രാർത്ഥനകൾ പ്രിന്‌റ് എടുത്ത് ആരാധനയിൽ പങ്കുചേരുക.)

## ദൈവവചന ശുശ്രൂഷ

പരിശുദ്ധ പിതാവ് :

പിതാവിന്‌റെയും പുത്രന്‌റെയും പരിശുദ്ധാത്മാവിന്‌റെയും നാമത്തിൽ

R. ആമ്മേൻ

പ്രാർത്ഥന

പരിശുദ്ധ പിതാവ് :

നമ്മുക്ക് പ്രാർത്ഥിക്കാം. സർവ്വശക്തനും കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ ദയനീയമായ അവസ്ഥയെ അങ്ങ് ദർശിക്കണമേ. അവിടുത്തെ മക്കളെ സമാശ്വസിപ്പിക്കുകയും ഞങ്ങളുടെ ഹൃദയങ്ങളെ പ്രത്യാശയിലേയ്ക്ക് തുറക്കുകയും ചെയ്യണമേ. അങ്ങനെ ഞങ്ങളുടെ മധ്യത്തിൽ അവിടുത്തെ പിതൃസാന്നിധ്യം ഞങ്ങൾക്ക് അനുഭവവേദ്യമാകട്ടെ.

അവിടുത്തോടുകൂടെ, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, എന്നേയ്ക്കും ജീവിച്ചുവാഴുന്ന, അവിടുത്തെ പുത്രനും, ദൈവവുമായ, ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.

R. ആമ്മേൻ

സുവിശേഷം

വിശുദ്ധ മർക്കോസിന്റെ സുവിശേഷം 4: 35-41

അന്ന് സായാഹ്നമായപ്പോൾ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. " നമ്മുക്ക് അക്കരയ്ക്കു പോകാം." അവർ ജനക്കൂട്ടത്തെ പറഞ്ഞുവിട്ടതിനുശേഷം, അവൻ ഇരുന്ന വഞ്ചിയിൽത്തന്നെഅവനെ അക്കരയ്ക്കു കൊണ്ടുപോയി. വേറെ വള്ളങ്ങളും കൂടെയുണ്ടായിരുന്നു.

അപ്പോൾ ഒരു വലിയ കൊടുങ്കാറ്റുണ്ടായി.. തിരമാലകൾ വഞ്ചിയിലേയ്ക്ക് ആഞ്ഞടിച്ചുകയറി. വഞ്ചിയിൽ വെള്ളം നിറഞ്ഞുകൊണ്ടിരുന്നു. യേശു അമരത്തു തലയണ വച്ച ഉറങ്ങുകയായിരുന്നു. അവർ അവനെ വിളിച്ചുണർത്തി പറഞ്ഞു: " ഗുരോ, ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അത് ഗൗനിക്കുന്നില്ല? അവൻ ഉണർന്നു കാറ്റിനെ ശാസിച്ചുകൊണ്ട് കടലിനോടു പറഞ്ഞു: അടങ്ങുക; ശാന്തമാവുക, പ്രശാന്തത ഉണ്ടായി.

അവൻ അവേയോട് ചോദിച്ചു: നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് ഇനിയും വിശ്വാസമില്ലേ? അവർ അത്യധികം ഭയന്ന് പരസ്പരം പറഞ്ഞു: "ഇവൻ ആരാണ്! കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ!

പരിശുദ്ധ പിതാവിന്റെ വചനസന്ദേശം

റോമൻജനതയുടെ സംരക്ഷകയായ പരിശുദ്ധ മറിയത്തിന്റെ തിരുസ്വരൂപത്തിന്റെ മുൻപിൽ **Sub tuum praesidium** (തേടിവരുന്നു നിൻസുതർ അമ്മേ ) എന്ന ഗീതം ആലപിക്കുന്നു.

തുടർന്ന്, വിശുദ്ധ മർസെല്ലോ ഉപയോഗിച്ചിരുന്ന ക്രൂശിതരൂപത്തിന്റെ മുൻപിൽ ഒന്നുചേർന്ന് വിശുദ്ധ കുരിശിന്റെ പ്രഭണിതം പ്രാർത്ഥിക്കുന്നു.

## <u>ദിവ്യകാരുണ്യപ്രതിഷ്ഠയും, ആരാധനയും, ആശീർവാദവും</u>

**പരിശുദ്ധ പരമദിവ്യകാരുണ്യം എഴുന്നള്ളിച്ചുവയ്ക്കുന്നു**

**ദിവ്യകാരുണ്യ ആരാധന ( Adoro Te devote എന്ന ഗീതം )**

**ലുത്തിനിയ**

<u>കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു</u>

ഈ വിശുദ്ധ കൂദാശയിൽ യഥാർത്ഥമായും സന്നിഹിതനായിരിക്കുന്ന, സത്യദൈവവും യഥാർത്ഥമനുഷ്യനുമായ കർത്താവേ,

**കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു**

വിശ്വസ്തനും കരുണാസമ്പന്നനുമായി, ഞങ്ങളോടുകൂടെ ആയിരിക്കുന്ന ദൈവമേ, ഞങ്ങളുടെ രക്ഷകനേ,

**കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു**

സർവ്വസൃഷ്ടിയുടെയും ലോകചരിത്രത്തിന്റെയും രാജാവും നാഥനുമായവനെ

**കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു**

പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയം വരിച്ചവനേ,

**കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു**

തിരുവുത്ഥാനം ചെയ്തു ദൈവപിതാവിന്റെ വലതുഭാഗത്തു സജീവമായിരിക്കുന്ന, മനുഷ്യരുടെ സ്നേഹിതനേ,

**കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു**

**<u>കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു</u>**

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങിയ, ദൈവപിതാവിന്റെ ഏകജാതനേ,

**കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു**

ഞങ്ങളുടെ കഷ്ടതകളിലേയ്ക്ക് കുനിഞ്ഞുകൈനീട്ടുന്ന സ്വർഗീയ ഭിഷഗ്വരനേ,

**കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു**

ഞങ്ങളെ തിന്മയിൽ നിന്ന്  രക്ഷിക്കുന്നതിന് സ്വയം മോചനദ്രവ്യമാകുന്ന, മുറിവേറ്റ ദൈവകുഞ്ഞാടേ,

**കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു**

അവിടുന്നു സ്നേഹിക്കുന്ന അജഗണത്തിനുവേണ്ടി ജീവിതം ദാനമായി നൽകുന്ന നല്ലിടയാ,

**കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു**

ഞങ്ങൾക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്ന, ജീവന്റെ അപ്പവും അമർത്യതയുടെ ഔഷധവുമേ,

**കർത്താവേ, ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുന്നു**

**<u>കർത്താവെ ഞങ്ങളെ രക്ഷിക്കണമേ</u>**

സാത്താന്റെ ശക്തിയിൽനിന്നും ലോകത്തിന്റെ പ്രലോഭനങ്ങളിൽനിന്നും,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

അങ്ങയെക്കൂടാതെതന്നെ ഞങ്ങൾക്ക് എല്ലാം സാധ്യമാണെന്ന അഹങ്കാരത്തിൽനിന്നും ധിക്കാരചിന്തകളിൽനിന്നും,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

ഭയത്തിന്റെയും ആകുലതയുടെയും കാപട്യങ്ങളിൽനിന്നും,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

അവിശ്വാസത്തിൽനിന്നും നിരാശയിൽനിന്നും,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

ഹൃദയകാഠിന്യത്തിൽനിന്നും സ്നേഹിക്കുന്നതിനുള്ള കഴിവില്ലായ്മയിൽനിന്നും,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

മനുഷ്യരാശിയെ പീഡിപ്പിക്കുന്ന എല്ലാ വിപത്തുകളിൽനിന്നും,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

പട്ടിണിയിൽനിന്നും, ക്ഷാമത്തിൽനിന്നും സ്വാർത്ഥതയിൽനിന്നും

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

രോഗങ്ങളിൽനിന്നും, പകർച്ചവ്യാധിയിൽനിന്നും, സഹോദരങ്ങളോടുള്ള ഭയത്തിൽനിന്നും

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

വിനാശകരമായ ഭോഷത്തങ്ങളിൽനിന്നും, നിഷ്ഠൂരമായ സ്വാർത്ഥതാല്പര്യങ്ങളിലും അക്രമങ്ങളിലുംനിന്നും ,

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

കുടിലതന്ത്രങ്ങളിൽനിന്നും, അസത്യപ്രചരണങ്ങളിൽനിന്നും, മനസ്സാക്ഷിയെ മലിനമാക്കുന്നതിൽനിന്നും

**കർത്താവെ ഞങ്ങളെ രക്ഷിക്കണമേ**

**<u>കർത്താവെ ഞങ്ങളെ സമാശ്വസിപ്പിക്കണമേ</u>**

മരുഭൂമിയെ തരണം ചെയ്യുന്ന അങ്ങയുടെ തിരുസഭയെ,

**കർത്താവെ ഞങ്ങളെ സമാശ്വസിപ്പിക്കണമേ**

ഭയത്താലും ആകുലതയാലും നിലംപതിച്ചിരിക്കുന്ന മനുഷ്യരാശിയെ അവിടുന്നു കടാക്ഷിക്കണമേ

**കർത്താവെ ഞങ്ങളെ സമാശ്വസിപ്പിക്കണമേ**

രോഗികളെയും, മരണാസന്നരെയും ഏകാന്തതയുടെ തീവ്രദുഃഖം അനുഭവിക്കുന്നവരെയും അവിടുന്നു കടാക്ഷിക്കണമേ,

**കർത്താവെ ഞങ്ങളെ സമാശ്വസിപ്പിക്കണമേ**

അദ്ധ്വാനഭാരത്താൽ തളർന്നവശരായ ആതുരശുശ്രൂഷാപ്രവർത്തകരെ അവിടുന്നു കടാക്ഷിക്കണമേ,

**കർത്താവെ ഞങ്ങളെ സമാശ്വസിപ്പിക്കണമേ**

ആത്മാർത്ഥമായി അദ്ധ്വാനിക്കുന്ന രാഷ്ട്രീയപ്രവർത്തകരെയും ഭരണകർത്താക്കളെയും അവിടുന്നു കടാക്ഷിക്കണമേ,

**കർത്താവെ ഞങ്ങളെ സമാശ്വസിപ്പിക്കണമേ**

**<u>കർത്താവെ അങ്ങയുടെ  പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ</u>**

പരീക്ഷണങ്ങളുടെയും പരിഭ്രാന്തിയുടെയും മണിക്കൂറുകളിൽ,

**കർത്താവെ അങ്ങയുടെ  പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ**

പ്രലോഭനത്തിലും ദൗർബല്യത്തിലും

**കർത്താവെ അങ്ങയുടെ  പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ**

തിന്മയ്ക്കും പാപത്തിനും എതിരായ ഞങ്ങളുടെ പോരാട്ടങ്ങളിൽ

**കർത്താവെ അങ്ങയുടെ  പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ**

യഥാർത്ഥ നന്മയ്ക്കും യഥാർത്ഥ ആനന്ദത്തിനും വേണ്ടിയുള്ള ഞങ്ങളുടെ അന്വേഷണങ്ങളിൽ

**കർത്താവെ അങ്ങയുടെ  പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ**

അങ്ങയിലും അങ്ങുമായുള്ള സൗഹൃദത്തിലും നിലനിൽക്കുവാനുള്ള ഞങ്ങളുടെ ദൃഢനിശ്ചയത്തിൽ

**കർത്താവെ അങ്ങയുടെ  പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമേ**

**<u>കർത്താവെ ഞങ്ങളെ പ്രത്യാശയിലേയ്ക്ക് നയിക്കണമേ</u>**

പാപഭാരത്താൽ ഞങ്ങൾ പീഡിപ്പിക്കപ്പെടുമ്പോൾ

**കർത്താവെ ഞങ്ങളെ പ്രത്യാശയിലേയ്ക്ക് നയിക്കണമേ**

വിദ്വേഷത്താൽ ഞങ്ങളുടെ ഹൃദയങ്ങൾ അടഞ്ഞതാകുമ്പോൾ

**കർത്താവെ ഞങ്ങളെ പ്രത്യാശയിലേയ്ക്ക് നയിക്കണമേ**

ഞങ്ങൾ തീവ്രദുഃഖം അനുഭവിക്കുമ്പോൾ

**കർത്താവെ ഞങ്ങളെ പ്രത്യാശയിലേയ്ക്ക് നയിക്കണമേ**

നിസ്സംഗതയനുഭവിച്ചു ഞങ്ങൾ ആകുലചിത്തരാകുമ്പോൾ

**കർത്താവെ ഞങ്ങളെ പ്രത്യാശയിലേയ്ക്ക് നയിക്കണമേ**

മരണം ഞങ്ങളെ ഉന്മൂലനം ചെയ്യുമ്പോൾ

**കർത്താവെ ഞങ്ങളെ പ്രത്യാശയിലേയ്ക്ക് നയിക്കണമേ**

പ്രാർത്ഥന

പരിശുദ്ധ പിതാവ് :

നമ്മുക്ക് പ്രാർത്ഥിക്കാം. കർത്താവായ യേശുക്രിസ്തുവേ, ദിവ്യകാരുണ്യത്തിന്റെ അത്ഭുതകരമായ കൂദാശയിൽ അവിടുത്തെ പെസഹായുടെ സ്മരണ ഞങ്ങൾക്കായി

അങ്ങ് നല്കിയല്ലോ. അവിടുന്നു നൽകുന്ന രക്ഷയുടെ സൽഫലങ്ങൾ ഞങ്ങൾക്കു എപ്പോഴും അനുഭവവേദ്യമാകുന്നതിനായി, അവിടുത്തെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും വിശുദ്ധ രഹസ്യത്തെ സജീവമായ വിശ്വാസത്തോടെ ആരാധിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. എന്നെന്നും ജീവിച്ചുവാഴുന്ന അങ്ങ് ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ.

R. ആമ്മേൻ

തുടർന്ന്, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ വികാരിയായ കർദ്ദിനാൾ ആഞ്ചലോ കൊമാസ്ത്രി, 'റോമാനഗരത്തിനും ലോകത്തിനും വേണ്ടി' (Urbi et Orbi) മാർപാപ്പ നൽകുന്ന ആശീർവാദത്തെക്കുറിച്ചു അറിയിക്കുന്നു. ദിവ്യകാരുണ്യ ആശീർവാദത്തോടൊപ്പം പൂർണ്ണ ദണ്ഡവിമോചനവും നൽകുന്നു :

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ റേഡിയോ, ടെലിവിഷൻ, ഇതര സമ്പർക്കമാധ്യമങ്ങൾ എന്നിവയിലൂടെ ദിവ്യകാരുണ്യ ആശീർവാദം സ്വീകരിക്കുന്നവർക്ക് തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന നിയതരീതിയിൽ പൂർണ്ണ ദണ്ഡവിമോചനം കല്പിച്ചുനൽകുന്നു.

**പരിശുദ്ധ പിതാവ് ദിവ്യകാരുണ്യ ആശീർവാദം നൽകുന്നു**

## ദിവ്യകാരുണ്യ ആശീർവാദശേഷമുള്ള കൃതജ്ഞതാപ്രാർത്ഥനകൾ

**ദൈവമേ ഞങ്ങൾ അങ്ങേ വാഴ്ത്തുന്നു ...**

**(വിവർത്തനം: ഫാ. ഫ്രാൻസിസ് അയ്യനം OCD, Teresianum Pontifical Ataneum, Rome)**